(ഡി&ഇ) സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി ചെയർമാനായുള്ള സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനങ്ങൾക്ക് വിധേയമായിട്ടാണ് കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീം പ്രവർത്തിക്കുന്നത്. കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ അഡ്മിനിസ്ട്രേറ്റർ, സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ഡയറക്ടറാണ്. കൂടാതെ ദൈനംദിന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഭാഗ്യക്കുറി വകുപ്പിൽനിന്നും ജോയിന്റ് ഡയറക്ടർ തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥനെ കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ കമ്മിറ്റിയുടേയും ഉദ്യോഗസ്ഥരുടെയും മേൽനോട്ടത്തിലാണ് കാരുണ്യ ബെനവലന്റ് സ്കീം മുഖേന ചികിത്സാ ധനസഹായം അനുവദിക്കുന്നത്. കൂടാതെ ജില്ലാതലത്തിൽ ജില്ലാ ലോട്ടറി ഓഫീസർ ഫണ്ടിന്റെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നുണ്ട്.

കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിനുവേണ്ടി, താഴെപ്പറയുന്ന തസ്തികകൾ (ഒരു വർഷത്തേക്ക്) സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

1.	ഫിനാൻസ് ഓഫീസർ	–	1
2.	ഡിസ്ട്രിക്ട് ലോട്ടറി ഓഫീസർ	–	1
3.	ജൂനിയർ സൂപ്രണ്ട്	–	1
4.	ലോവർ ഡിവിഷൻ ക്ലാർക്ക്	–	2

സംസ്ഥാനത്തിന് പുറമെയുള്ള ആശുപത്രികളിലെ ചികിത്സ

169 (6620) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് പുറമെയുള്ള ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് കാരുണ്യ ബെനവലന്റ് പദ്ധതിയിൽ നിന്ന് സാമ്പത്തിക സഹായം അനുവദിക്കാറുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ആശുപത്രികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദാംശം നൽകാമോ ;

(സി) ഇല്ലെങ്കിൽ പുറമെയുള്ള ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് കൂടി സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) നിലവിൽ സംസ്ഥാനത്തിനു പുറത്തുള്ള ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുവാൻ വ്യവസ്ഥയില്ല. കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പരിമിതമായ പദ്ധതി നടത്തിപ്പ് സംവിധാനത്തിൽ സംസ്ഥാനത്തിനു പുറത്തുള്ള ആശുപത്രിയിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

ചികിത്സാ ധനസഹായം അനുവദിച്ചാൽ അതിന്റെ ഉപയോഗം പരിശോധിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമുള്ള തടസ്സങ്ങൾ നിലനിൽക്കുന്നു. എന്നിരുന്നാലും അയൽ സംസ്ഥാനങ്ങളിലെ പ്രധാനപ്പെട്ട ആശുപത്രികളിലും മംഗലാപുരം, കോയമ്പത്തൂർ, വെല്ലൂർ തുടങ്ങിയ സ്ഥലങ്ങളിലെ മികച്ച ആശുപത്രികളിലും പദ്ധതി നടപ്പിലാക്കുന്നതിന്റെ സാധ്യത പരിശോധിച്ചു വരുന്നു.

സർക്കാർ നിയന്ത്രണത്തിലുള്ള ധനകാര്യ സ്ഥാപനങ്ങൾ

170 (6621) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ., കെ.എഫ്.സി. എന്നിങ്ങനെ സർക്കാർ നിയന്ത്രണത്തിലുള്ള ധനകാര്യ സ്ഥാപനങ്ങളിൽ സർക്കാരിനുള്ള നിയന്ത്രണാധികാരങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) ടി സ്ഥാപനങ്ങളിൽ ഏതൊക്കെയാണ് ബാങ്കിംഗ് ബിസിനസ് നടത്തുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ടി സ്ഥാപനങ്ങൾ എന്തെല്ലാം ബാങ്കിംഗ് ബിസിനസുകളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ. യുടെ ഉടമസ്ഥാവകാശം പൂർണ്ണമായും കേരള സർക്കാരിൽ നിക്ഷിപ്തമാണ്. ചെയർമാൻ, മാനേജിംഗ് ഡയറക്ടർ, ഡയറക്ടർ ബോർഡംഗങ്ങൾ തുടങ്ങിയവരെ നിശ്ചയിക്കുന്നത് സംസ്ഥാന സർക്കാരാണ്. ഈ ഡയറക്ടർ ബോർഡാണ് കെ.എസ്.എഫ്.ഇ.യുടെ നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നത്. ദൈനംദിന കാര്യങ്ങളുടെ ചുമതല സർക്കാർ നിയമിച്ച മാനേജിംഗ് ഡയറക്ടറാണ് നിർവ്വഹിക്കുന്നത്. ഡയറക്ടർ ബോർഡ് അംഗീകരിച്ച് പാസ്സാക്കിയ അതാത് വർഷത്തെ ബിസിനസ്സ് ബഡ്ജറ്റ്, ക്യാപിറ്റൽ എക്സ്പെന്റീച്ചർ ബഡ്ജറ്റ്, വരവ് ചെലവുകളുടെ ബഡ്ജറ്റ് മുതലായവയ്ക്കും സർക്കാർ അംഗീകാരം ആവശ്യമാണ്. ഈ അംഗീകാരത്തിനു വിധേയമായാണ് കെ.എസ്.എഫ്.ഇ. പ്രവർത്തിക്കുന്നത്. ദീർഘകാല സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനും പുതിയ ശാഖകൾ, പുതിയ തസ്തികകൾ എന്നിവ സൃഷ്ടിക്കുന്നതിനും സർക്കാരിന്റെ അംഗീകാരം ആവശ്യമാണ്. സ്റ്റേഷനറി, പ്രിന്റിംഗ്, പർച്ചേയ്സ് തുടങ്ങിയ കാര്യങ്ങൾ ഗവൺമെന്റിന്റെ സ്റ്റോർ പർച്ചേയ്സ് നിയമാവലി അനുസരിച്ചാണ് ചെയ്യുന്നത്.

കേരളഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രധാനപ്പെട്ട ഓഹരി ഉടമ കേരള സർക്കാരാണ്. കേരള സർക്കാരിന് കോർപ്പറേഷനിലുള്ള ഓഹരി പങ്കാളിത്തം 97.06% ആണ്. കോർപ്പറേഷനിലെ സുപ്രധാന തീരുമാനങ്ങളെല്ലാം സർക്കാരിന്റെ അനുമതിയോടെയാണ് എടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly